(സി) ആൾ ഇൻഡ്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ്, മൈസൂർ എന്ന സ്ഥാപനത്തിൽ നിന്നുള്ള എം. എസ്.സി. ഇൻ സ്പീച്ച് ആന്റ് ഹിയറിംഗ് ഡിഗ്രി, അല്ലെങ്കിൽ തത്തുല്യമായ യോഗ്യതയും താഴെപ്പറയുന്ന ഏതെങ്കിലും സ്ഥാപനത്തിൽ നിന്നുള്ള ആറ് മാസത്തെ പ്രവൃത്തിപരിചയവും ഉണ്ടായിരിക്കണം.

1. ആൾ ഇൻഡ്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ്, മൈസൂർ.
2. ആൾ ഇൻഡ്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, ന്യൂഡൽഹി.
3. നായേഴ്സ് ഹോസ്പിറ്റൽ, ബോംബെ.
4. ക്രിസ്ത്യൻ മെഡിക്കൽ കോളേജ് ആന്റ് ഹോസ്പിറ്റർ, വെല്ലൂർ.
5. മെഡിക്കൽ കോളേജ്, തിരുവനന്തപുരം

മുകളിൽ പറഞ്ഞ യോഗ്യതയുടെ അഭാവത്തിൽ ആൾ ഇൻഡ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹയറിംഗ്, മൈസൂർ എന്ന സ്ഥാപനത്തിൽ നിന്നോ മുംബായ് യൂണിവേഴ്സിറ്റിയിൽ നിന്നോ ഉള്ള ബി.എസ്.സി സ്പീച്ച് ആന്റ് ഹിയറിംഗ് ഡിഗ്രിയോ തത്തുല്യ യോഗ്യതയോ, കൂടാതെ മേൽപ്പറഞ്ഞ ഏതെങ്കിലും സ്ഥാപനത്തിൽ നിന്നുള്ള രണ്ടു വർഷത്തിൽ കുറയാതെയുള്ള പ്രവൃത്തി പരിചയവും ആവശ്യമാണ്.

(ഡി) ഇക്കാര്യം പി.എസ്.സി. യുടെ പരിഗണനയിലായതിനാൽ അന്വേഷണത്തിന്റെ ആവശ്യമില്ല.

(ഇ) വിജ്ഞാപനം ആദ്യം 21/7/87-ലും യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ 19-7-88-ലും 25-7-89-ലും പുറപ്പെടുവിക്കുകയുണ്ടായി.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഓഡിയോളജിസ്റ്റ് ആന്റ് സ്പീച്ച് പതോളജിസ്റ്റ് തസ്തികകളിലേയ്ക്കുള്ള നിയമനം

205 (1140) ശ്രീ. ടി. കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഓഡിയോളജിസ്റ്റ് ആന്റ് സ്പീച്ച് പതോളജിസ്റ്റ് തസ്തികയിൽ പി.എസ്.സി വഴി നിയമനം ലഭിച്ച എത്ര പേർ ഇപ്പോൾ സേവനമനുഷ്ടിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) 2001 മെയ് മാസത്തിന് ശേഷം ഈ തസ്തികയിൽ പി. എസ്. സി. മുഖാന്തിരം നിയമനം ലഭിച്ച എത്രപേർ ഉണ്ടാകുമെന്ന് പറയാമോ ;

(സി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഓഡിയോളജിസ്റ്റ് ആന്റ് സ്പീച്ച് പതോളജിസ്റ്റ് തസ്തികയിൽ ഇപ്പോൾ എത്ര ഒഴിവുകൾ ഉണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഓഡിയോളജിസ്റ്റ് ആന്റ് സ്പീച്ച് പതോളജിസ്റ്റ് തസ്തികയിൽ പി. എസ്. സി. മുഖേന നിയമനം നടത്തുന്നതിന് കാലതാമസം ഉണ്ടാകുന്നത് പ്രസ്തുത വകുപ്പിലെ ഒരു ഉന്നത ഉദ്യോഗസ്ഥന്റെ ഇടപ്പെടൽ കാരണം ആണെന്നുള്ള പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച അന്വേഷണം നടത്തുമോ ?

ഉത്തരം

(എ) പി. എസ്. സി. വഴി നിയമനം ലഭിച്ച ആരും ഇല്ല.

(ബി) ഇപ്പോൾ പറയാൻ നിർവ്വാഹമില്ല.

(സി) ആറ് ഒഴിവുകൾ.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഓഡിയോളജിസ്റ്റ് ആന്റ് സ്പീച്ച് പതോളജിസ്റ്റ് തസ്തികയിലേയ്ക്കുള്ള നിയമനം

206 (1141) ശ്രീ. ടി. കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഓഡിയോളജിസ്റ്റ് ആന്റ് സ്പീച്ച് പതോളജിസ്റ്റ് തസ്തികയിലേയ്ക്കുള്ള പി.എസ്.സി നിയമനം നടത്തുന്നതിന് നിലവിലുള്ള യോഗ്യതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത യോഗ്യതയിൽ എന്തെങ്കിലും മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അതിന് സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയാണ് ;

(സി) ഈ തസ്തികയിലേക്കുള്ള യോഗ്യത നിശ്ചയിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പ് മേധാവികളുടെ അഭിപ്രായം നേടിയിട്ടുണ്ടോ ;

(ഡി) എങ്കിൽ അവരുടെ അഭിപ്രായം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അനുബന്ധം ആയി കൊടുത്തിരിക്കുന്നു.†

(ബി) ഇതിനാവശ്യമായ നിർദ്ദേശങ്ങൾ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന് സമർപ്പിക്കേണ്ടതുണ്ട്.

(സി) ഉണ്ട്.

(ഡി) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഇ.എൻ.ടി വകുപ്പ് മേധാവിയുടെ അഭിപ്രായം അനുബന്ധമായി ചേർത്തിരിക്കുന്നു.†

† അനുബന്ധം - XXIX, XXX

LIBRARY ARCHIVES Kerala Legislative Assembly